

വിഗ്രഹങ്ങളും അവക്കുള്ള ആരാധനയും സംരക്ഷിച്ചു നിലനിർത്താൻ ബഹുദൈവവാദികൾ സ്വയം മറന്നു പോരാടുന്നത് യുക്തിബോധമോ വേദപ്രമാണങ്ങളോ ആധാരമാക്കിയല്ല. കേവലം വിവരമില്ലായ്മയും അവിവേകവുമാണീ നിഷേധത്തിന്റെയും അവഗണനയുടെയും പ്രേരകം.

## ഖുർആൻ ബോധനം

▸ എ.വൈ.ആർ

### സൂറ-21

# അൽഅമ്പിയാഅ്

أَمِ ٱتَّخَذُوا۟ مِن دُونِهِۦٓ ءَالِهَةً ۖ قُلْ هَاتُوا۟ بُرْهَـٰنَكُمْ ۖ هَـٰذَا ذِكْرُ مَن مَّعِىَ
وَذِكْرُ مَن قَبْلِى ۗ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ٱلْحَقَّ ۖ فَهُم مُّعْرِضُونَ ﴿٢٤﴾

**24.** ഇതൊക്കെയായിട്ടും ജനം അവനെക്കൂടാതെ വേറെയും ദൈവങ്ങളെ സ്വീകരിച്ചിരിക്കുന്നുവെന്നോ?! പ്രവാചകൻ അവരോടു പറയുക: എങ്കിൽ അതിനു നിങ്ങൾക്കുള്ള പ്രമാണം കൊണ്ടുവരുവീൻ. ഈ ഖുർആൻ എന്നോടൊപ്പമുള്ളവർക്കുള്ള പ്രമാണമാകുന്നു. എനിക്കു മുമ്പുള്ള പ്രവാചകന്മാർക്കിറങ്ങിയ വേദപ്രമാണങ്ങളുമുണ്ട്. പക്ഷേ അവരിലധിക ജനവും യാഥാർഥ്യമറിയുന്നില്ല. അതിനാൽ ഈ സത്യം അവഗണിച്ചുതള്ളുകയാണവർ.

وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِىٓ إِلَيْهِ أَنَّهُۥ لَآ إِلَـٰهَ إِلَّآ
أَنَا۠ فَٱعْبُدُونِ ﴿٢٥﴾

**25.** 'ഞാനല്ലാതെ വേറെ ദൈവമേതുമില്ല, അതിനാൽ എനിക്കുമാത്രം ഇബാദത്തു ചെയ്യണം' എന്ന ദിവ്യസന്ദേശം നൽകിക്കൊണ്ടല്ലാതെ നിനക്കു മുമ്പും യാതൊരു പ്രവാചകനെയും നാം അയച്ചിട്ടില്ലാത്തതാകുന്നു.

وَقَالُوا۟ ٱتَّخَذَ ٱلرَّحْمَـٰنُ وَلَدًا ۗ سُبْحَـٰنَهُۥ ۚ بَلْ عِبَادٌ مُّكْرَمُونَ ﴿٢٦﴾

**26.** പരമകാരുണികനായ ദൈവം പുത്രനെ വരിച്ചതായി ജനം ജൽപിക്കുന്നു. അവനോ പരമപവിത്രനാകുന്നു. എന്നാൽ അവർ ദൈവസന്തതികളെന്ന് ആരോപിക്കുന്നവർ ആദരണീയരായ ദൈവദാസന്മാരാകുന്നു.

لَا يَسْبِقُونَهُۥ بِٱلْقَوْلِ وَهُم بِأَمْرِهِۦ يَعْمَلُونَ ﴿٢٧﴾

**27.** അവരാരും അവനെ മറികടന്നു സംസാരിക്കുന്നവരല്ല. അവന്റെ ആജ്ഞാനുസാരം പ്രവർത്തിക്കുന്നവരാകുന്നു.

**24**

أَمِ اتَّخَذُوا = അതല്ല (ഇതൊക്കെയായിട്ടും ജനം) സ്വീകരിച്ചിരിക്കുന്നുവെന്നോ
مِن دُونِهِ آلِهَةً = അവനെക്കൂടാതെ (വേറെയും) ദൈവങ്ങളെ قُلْ = നീ (പ്രവാചകൻ അവരോടു) പറയുക
هَاتُوا = കൊണ്ടുവരുവിൻ, ഹാജരാക്കുവിൻ بُرْهَانَكُمْ = നിങ്ങളുടെ പ്രമാണം, തെളിവ് هَٰذَا = ഇത് (ഈ ഖുർആൻ)
ذِكْرُ = ഉദ്ബോധനം (പ്രമാണം) ആകുന്നു مَن مَّعِيَ = എന്നോടൊപ്പമുള്ളവർക്കുള്ള
وَذِكْرُ = ഉൽബോധനം (വേദപ്രമാണങ്ങളും) ഉണ്ട് مَن قَبْلِي = എനിക്കു മുമ്പുള്ളവരുടെ(ള്ള പ്രവാചകന്മാർക്കിറങ്ങിയ)
بَلْ = പക്ഷേ أَكْثَرُهُمْ = അവരിൽ അധിക(ജന)വും لَا يَعْلَمُونَ الْحَقَّ = യാഥാർഥ്യം അറിയുന്നില്ല فَهُم = അതിനാൽ അവർ
مُّعْرِضُونَ = (ഈ സത്യം) അവഗണിച്ചുതള്ളുന്നവരാ(കയാ)ണവർ

**മു**കളിൽ പറഞ്ഞത് ഏകദൈവത്വത്തിന്റെ യുക്തിപരമായ തെളിവുകളാണ്. യുക്തിവിചാരം സുവ്യക്തമായി താൽപര്യപ്പെടുന്നത് ഏകദൈവവിശ്വാസമായിരുന്നിട്ടും ആളുകൾ ബഹുദൈവാരാധകരാകുന്നുവെങ്കിൽ ദൈവം തന്നെ അവരോടതു കൽപിച്ചിരിക്കണം. ബഹുദൈവ വിശ്വാസം അനുശാസിക്കുന്ന വല്ല വേദപ്രമാണങ്ങളുമുണ്ടെങ്കിൽ അതു കാണിച്ചുതരാൻ പ്രവാചകൻ അവരോടാവശ്യപ്പെടുക. ദൈവം ഏകനാണെന്നത് തർക്കമറ്റ യാഥാർഥ്യമാണെന്ന അടിസ്ഥാനത്തിലാണിങ്ങനെ ആവശ്യപ്പെടുന്നത്. യഹൂദ-ക്രൈസ്തവ-ഹൈന്ദവ വേദങ്ങളെല്ലാം സാക്ഷ്യപ്പെടുത്തുന്നതും അനുശാസിക്കുന്നതും ഏകദൈവ വിശ്വാസമാണ്. അതിനെതിരായ മറ്റൊരു വാദമുന്നയിക്കാൻ, ആ വേദപ്രമാണങ്ങളെ അപ്രസക്തമാക്കുന്നതും കൂടുതൽ പ്രബലമായതുമായ മറ്റു വേദപ്രമാണങ്ങൾ വേണം. അതുണ്ടെങ്കിൽ കാണിച്ചുതരിക എന്നാണ് പറയുന്നത്.

അല്ലാഹു എന്നിലൂടെ അവതരിപ്പിക്കുന്ന ഈ ഖുർആൻ എനിക്കും എന്നോടൊപ്പമുള്ളവർക്കും ഞങ്ങൾ പ്രബോധനം ചെയ്യുന്ന ഏകദൈവ വിശ്വാസത്തിനുള്ള ദൈവിക പ്രമാണമാകുന്നു എന്നാണ് هَٰذَا ذِكْرُ مَن مَّعِيَ എന്ന വാക്യത്തിന്റെ സാരം. എന്നോടൊപ്പമുള്ളവർ-من معى-എന്നതുകൊണ്ടുദ്ദേശ്യം എന്റെ ഉമ്മത്ത് ആണ്. അന്ത്യപ്രവാചകന്റെ കാലം മുതൽ ലോകാവസാനം വരെയുള്ള ജനങ്ങൾ അദ്ദേഹത്തിന്റെ ഉമ്മത്തിൽ പെടുന്നു. ഖുർആനിനുപുറമെ പൂർവകാലങ്ങളിൽ ആഗതരായിട്ടുള്ള പ്രവാചകന്മാർക്കൊക്കെയും അല്ലാഹു നൽകിയ വേദങ്ങളും ഞങ്ങൾക്ക് പ്രമാണമായി ഉണ്ട് എന്നാണ് وذكر من قَبْلِي എന്ന വാക്യത്തിന്റെ താൽപര്യം. ബഹുദൈവ വിശ്വാസത്തെ സാക്ഷ്യപ്പെടുത്തുന്ന ഒരു പൂർവവേദവും കാണിച്ചുതരാൻ നിങ്ങൾക്കാവില്ല.

വിഗ്രഹങ്ങളും അവക്കുള്ള ആരാധനയും സംരക്ഷിച്ചു നിലനിർത്താൻ ബഹുദൈവവാദികൾ സ്വയം മറന്നു പോരാടുന്നത് യുക്തിബോധമോ വേദപ്രമാണങ്ങളോ ആധാരമാക്കിയല്ല. കേവലം വിവരമില്ലായ്മയും അവിവേകവുമാണീ നിഷേധത്തിന്റെയും അവഗണനയുടെയും പ്രേരകം. അതിനാൽ പ്രതിയോഗികളുണ്ടാക്കുന്ന ബഹളത്തിൽ പ്രവാചകനും കൂട്ടുകാരും ഒട്ടും ബേജാറാകേണ്ടതില്ല. അജ്ഞതയും അവിവേകവും ആയുധമാക്കിയുള്ള സമരത്തിൽ സത്യം തോൽക്കുക അസാധ്യമാണ്. ആളുകളെ ബോധവൽക്കരിക്കുകയും വിജ്ഞരാക്കുകയുമാണ് അജ്ഞതയാകുന്ന രോഗത്തിനുള്ള ഏക ചികിത്സ. ആ ചികിത്സ നടത്തുകയാണ് പ്രവാചകന്റെയും കൂടെയുള്ളവരുടെയും ഉത്തരവാദിത്തം. ഇതാണ് بَلْ أَكْثَرُهُمْ لَا يَعْلَمُونَ الْحَقَّ فَهُم مُّعْرِضُونَ എന്ന വാക്യം ഉണർത്തുന്നത്. ■

**25**

وَمَا أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ = നിനക്കു മുമ്പും യാതൊരു പ്രവാചകനെയും നാം അയച്ചിട്ടില്ല
إِلَّا نُوحِي إِلَيْهِ = നാം അവന്ന് ദിവ്യസന്ദേശം നൽകിയിട്ടല്ലാതെ أَنَّهُ لَا إِلَٰهَ إِلَّا أَنَا = ഞാനല്ലാതെ ദൈവം(ഏതും) ഇല്ല എന്ന്
فَاعْبُدُونِ = അതിനാൽ എനിക്കു(മാത്രം) നിങ്ങൾ ഇബാദത്തു ചെയ്യണം എന്നും

**മു**ൻ സൂക്തത്തിലെ ذكر من قبلي എന്ന വാക്യത്തിന്റെ ഒരു വിശദീകരണമാണിത്. അതായത്, അജ്ഞതയിലും അവിവേകത്തിലും തന്മൂലം വിഗ്രഹാരാധനയുടെയും മറ്റനാചാരങ്ങളുടെയും കൂരിരുട്ടിലും അകപ്പെട്ട ജനങ്ങളെ ഏകദൈവ വിശ്വാസത്തിന്റെയും ജ്ഞാനത്തിന്റെയും വിവേകത്തിലേക്കും വെളിച്ചത്തിലേക്കും നയിക്കുക എന്ന ദൗത്യത്തിനുവേണ്ടിത്തന്നെയാണ് അന്ത്യപ്രവാചകന്നു മുമ്പാഗതരായ പ്രവാചകവര്യന്മാരൊക്കെയും നിയോഗിക്കപ്പെട്ടത്. പ്രപഞ്ചത്തിന് ഞാനല്ലാതെ ആരാധ്യനില്ല. അതിനാൽ സൃഷ്ടികൾ എന്നെ മാത്രം അനുസരിച്ചും ആരാധിച്ചും വാഴണം എന്നതായിരുന്നു അല്ലാഹു അവർക്കെല്ലാം നൽകിയ മുഖ്യസന്ദേശം. പൂർവ പ്രവാചകന്മാരുടെ ഏടുകളിൽ പിൽക്കാല പുരോഹിതന്മാർ പലവിധ മാറ്റത്തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിലും അവയിലെ ഏകദൈവത്വാധ്യാപനം ഇന്നും സുരക്ഷിതമായി നിലനിൽക്കുന്നുണ്ട്. അവയുടെ വാഹകർ ബഹുദൈവ വിശ്വാസവും വിഗ്രഹാരാധനയും കൈക്കൊണ്ടിട്ടുണ്ടെങ്കിൽ അത് ആ വേദങ്ങളുടെ അനുശാസനങ്ങളെ ആധാരമാക്കിയല്ല പ്രത്യുത സങ്കീർണവും ജഡിലവുമായ ദൈവശാസ്ത്ര വ്യാഖ്യാനക്കസർത്തുകളുടെ പിൻബലത്തിലാണ്. ബഹുദൈവത്വ സങ്കൽപത്തിന് കടന്നുവരാൻ ഒരു പഴുതുമില്ലാത്ത, അസന്ദിഗ്ധമായ ഏകദൈവത്വാധ്യാപനമാണ് വിശുദ്ധ ഖുർആനിലുള്ളത്. എന്നിട്ടും മുസ്‌ലിംകളിലെ പല വിഭാഗങ്ങളും ബഹുദൈവത്വപരമായ ആചാരങ്ങളും വിശ്വാസങ്ങളും കൈക്കൊള്ളുകയും പ്രമാണ ബാഹ്യവും പ്രമാണവിരുദ്ധവുമായ തെളിവുകൾ നിരത്തി അതിനെ ന്യായീകരിക്കുകയും ചെയ്യുന്നുണ്ടല്ലോ. അതുതന്നെയാണ് പൂർവ വേദങ്ങളുടെ വാഹകരും ചെയ്തത്. ■

**26,27**

وَقَالُوا = അവർ പറഞ്ഞു(ജനം ജൽപിക്കുന്നു)

اتَّخَذَ الرَّحْمَٰنُ وَلَدًا = പരമ കാരുണികൻ(ആയ ദൈവം) പുത്രനെ വരിച്ചു(ച്ചതായി)

سُبْحَانَهُ = അവനോ പരമ പവിത്രനാകുന്നു بَلْ = പക്ഷേ (അവർ ദൈവ സന്തതികളെന്നാരോപിക്കുന്നവർ)

عِبَادٌ = (ദൈവ)ദാസന്മാരാകുന്നു مُكْرَمُونَ = ആദരി(രണീയരായ)ക്കപ്പെട്ട

لَا يَسْبِقُونَهُ بِالْقَوْلِ = അവർ വാക്കുകൊണ്ട് അവനെ മുൻകടക്കുന്നില്ല(അവരാരും അവനെ മറികടന്നു സംസാരിക്കുന്നില്ല)

وَهُم بِأَمْرِهِ = അവർ അവന്റെ ആജ്ഞാനുസാരം (മാത്രം) يَعْمَلُونَ = പ്രവർത്തിച്ചുക്കുന്നു(ന്നവരാകുന്നു)

**ദൈ**വ മക്കളിലും അവരുടെ സഹായത്തിലും ശിപാർശയിലുമുള്ള വിഗ്രഹാരാധകരുടെ വിശ്വാസത്തെ മറ്റൊരു രീതിയിൽ നിഷേധിക്കുകയാണീ സൂക്തങ്ങൾ. മിക്ക വിഗ്രഹ മതങ്ങളുടെയും ദൈവ സങ്കൽപം അവർ മനുഷ്യരെപ്പോലെ ഭാര്യയും മക്കളുമൊക്കെയായി വാഴുന്ന അസ്തിത്വമാണെന്നാണ്. ദൈവത്തിന്റെ ആൺമക്കളാണ് ദേവന്മാർ. ദേവിമാർ പെൺമക്കളും. ഭൂമിയിൽ ജനിച്ചുമരിച്ച ചില മനുഷ്യരും ദൈവപുത്രന്മാരായി ഗണിക്കപ്പെട്ടിട്ടുണ്ട്. ഉസൈർ ദൈവപുത്രനാണെന്ന് യഹൂദരും ഈസാ മസീഹ് ദൈവപുത്രനാണെന്ന് ക്രൈസ്തവരും വാദിച്ചു. മലക്കുകളൊക്കെ ദൈവത്തിന്റെ പെൺമക്കളാണെന്നാണ് അറബികളുടെ വിശ്വാസം. തങ്ങളുടെ സൗഭാഗ്യങ്ങളെല്ലാം അവരുടെ ഔദാര്യമാണെന്നും പരലോകം എന്നൊന്നുണ്ടെങ്കിൽ അവിടെയും അവരാൽ രക്ഷിക്കപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്യുമെന്നും വിശ്വസിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ അധികാരത്തിലും തീരുമാനത്തിലും കൈകടത്തി ആർക്കെങ്കിലും വല്ലതും ചെയ്തുകൊടുക്കാൻ കഴിയുന്ന പുത്രന്മാരോ പൗത്രന്മാരോ അവന്നില്ല. അവനല്ലാത്തവരൊക്കെയും അവന്റെ അടിമകൾ മാത്രമാണ്. ഇക്കൂട്ടർ ദൈവമക്കൾ എന്ന് വിശ്വസിച്ച് ശിപാർശ തേടുന്നവർ യഥാർഥത്തിൽ അവനോടുള്ള ആരാധനയാലും അടിമത്വത്താലും ആദരണീയരായിത്തീർന്ന അടിമകൾ മാത്രമാണ്. അവന്റെ ആജ്ഞാനുസാരം മാത്രം പ്രവർത്തിക്കുന്നവരാണവർ. لَا يَسْبِقُونَهُ بِالْقَوْلِ എന്ന വാക്യത്തിന് രണ്ട് ആശയങ്ങളാവാം. അതിൽ മുഖ്യമായത് അവന്റെ തീരുമാനത്തിനപ്പുറം അവർക്കൊരു തീരുമാനമില്ല. അതിൽ കൈകടത്താനോ മാറ്റം വരുത്താനോ ശ്രമിക്കുകയില്ല. അതിനവർക്ക് കഴിയുകയുമില്ല. അനുവാദം കൊടുക്കാതെ അവർ അവന്റെ മുമ്പിൽ സംസാരിക്കുകയില്ല എന്നാണ് മറ്റൊരാശയം. ഇക്കാര്യം സൂറഃ *അന്നബഇൽ* لَا يَمْلِكُونَ مِنْهُ خِطَابًا (അവനോട് സംസാരിക്കാൻ അവർക്കധികാരമില്ല' -78:37), لَّا يَتَكَلَّمُونَ إِلَّا مَنْ أَذِنَ لَهُ الرَّحْمَٰنُ وَقَالَ صَوَابًا (കരുണാമയൻ അനുവദിക്കുകയും ശരിയായതു മാത്രം പറയുകയും ചെയ്യുന്നവരല്ലാതാരും സംസാരിക്കുകയില്ല) എന്നീ വാക്യങ്ങളിൽ ഖണ്ഡിതമായി തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഒരു കാര്യത്തെക്കുറിച്ച് അല്ലാഹു സംസാരിക്കുന്നതിനു മുമ്പ് സ്വന്തം അഭിപ്രായങ്ങളവതരിപ്പിക്കുക അവരുടെ പ്രകൃതിയല്ല. വാക്ക് കൊണ്ട് മറികടക്കാതിരിക്കുന്നതിന്റെ വിശദീകരണമാണ് وَهُم بِأَمْرِهِ يَعْمَلُونَ. അല്ലാഹുവിന്റെ ആജ്ഞകളനുസരിച്ച് പ്രവർത്തിക്കുക മാത്രമാണ് മലക്കുകളുടെ ധർമം. തങ്ങൾ പറയുന്നത് അല്ലാഹുവിനെക്കൊണ്ട് പ്രവർത്തിപ്പിക്കുക അവരുടെ കഴിവിൽ പെട്ടതല്ല. ■